ഫസ്റ്റ് ബെൽ

പഠന പിന്തുണാ സാമഗ്രി
മലപ്പുറം വിദ്യാഭ്യാസ ജില്ല

Break the Chain
കൈവിടാതിരിക്കാം.. കൈ കഴുകൂ..

ഫസ്റ്റ് ബെൽകേരള പാഠാവലി
ക്ലാസ് 10
വർക്ക് ഷീറ്റ് - 1 : പാവങ്ങൾ

കാലത്തിന്റെയും ദേശത്തിന്റെയും അതിരുകൾക്കപ്പുറത്ത് സാഹിത്യ കൃതികൾ മനുഷ്യസംസ്കാരത്തിൻ്റെ വിസ്മയങ്ങൾ ഉയർത്തിപ്പിടിക്കുന്നു എന്ന് ലക്ഷ്മണ സാന്ത്വനത്തിലൂടെയും ഋതുയോഗത്തിലൂടെയും നിങ്ങൾ മനസ്സിലാക്കിയല്ലോ. ഇത്തരത്തിലുള്ള മറ്റൊരു സാഹിത്യ വിസ്മയമാണ് 'പാവങ്ങൾ' .
പത്തൊമ്പതാം നൂറ്റാണ്ടിൽ ഫ്രഞ്ചു ഭാഷയിൽ രചിക്കപ്പെട്ട പ്രശസ്തമായ ലാ മിറാബലെ (Le Miserables) എന്ന നോവലിന്റെ മലയാള പരിഭാഷയാണ് 'പാവങ്ങൾ'.
ഇനി താഴെയുള്ള ചിത്രത്തിൽ തൊട്ടു നോക്കൂ

ഫ്രഞ്ചു കവിയും നോവലിസ്റ്റും നാടകകൃത്തുമായ വിക്ടർ ഹ്യൂഗോ ആണ് പാവങ്ങൾ രചിച്ചത്.
ഈ ചിത്രത്തിൽ തൊട്ടു നോക്കൂ

മലയാള കവിയായ നാലപ്പാട്ട് നാരായണ മേനോൻ ഈ കൃതി നമ്മുടെ ഭാഷയിലേക്ക് വിവർത്തനം ചെയ്തു.

എല്ലാ കാലത്തും പാവങ്ങളായി ജീവിച്ച് പാവങ്ങളായിത്തന്നെ മരിച്ചു പോകുന്ന മനുഷ്യരുടെ കഥയാണ് 'പാവങ്ങൾ '.

അത്തരമൊരു പാവം മനുഷ്യനാണ് ഴാങ് വാൽ ഴാങ്.

ചിത്രങ്ങളിൽ തൊട്ടു നോക്കൂ

* ചിത്രം 1

ഴാങ് വാൽഴാങ് ദരിദ്രനായ മരം വെട്ടുകാരൻ.

ചിത്രം 2

വിധവയായ സഹോദരിയും അവരുടെ ഏഴുമക്കളും അയാളുടെ സംരക്ഷണത്തിൽ.

ഒരു മഴക്കാലത്ത് മുഴുപ്പട്ടിണിയിലായപ്പോൾ സഹോദരിയുടെയും മക്കളുടെയും വിശപ്പു കണ്ടു സഹിക്കാൻ അയാൾക്ക് കഴിഞ്ഞില്ല.

അവരുടെ വിശപ്പു മാറ്റാൻ ഒരു ബേക്കറിയിൽ നിന്ന് അയാൾ റൊട്ടി മോഷ്ടിച്ചു.

ചിത്രം 5

റൊട്ടി മോഷണത്തിന് അയാൾ പിടിക്കപ്പെട്ടു.

ചിത്രം 6

ആ കുറ്റത്തിന്  ഴാങ് വാൽഴാങ് അഞ്ചു വർഷത്തേക്ക് തടവറയിൽ അടക്കപ്പെട്ടു.

ചിത്രം 7

മൂന്നു തവണ ജയിൽ ചാടിയ അയാൾ വീണ്ടും പിടിക്കപ്പെടുകയും
19 വർഷം അയാൾക്ക് ജയിൽ  ശിക്ഷ അനുഭവിക്കേണ്ടി വരികയും ചെയ്തു.

ചിത്രം 8

ജയിൽ മോചിതനായ അയാൾക്ക് ആരും അഭയം കൊടുത്തില്ല.

ചിത്രം 9

ഒടുവിൽ ഡി പട്ടണത്തിലെ മെത്രാൻ വിശപ്പും ദാഹവും കൊണ്ടു തളർന്ന ഴാങ് വാൽഴാങിന്  തൻ്റെ ഭവനത്തിൽ അഭയം നൽകുന്നു.

ചിത്രം 10

അന്നു രാത്രി മെത്രാൻ്റെ ഭവനത്തിൽ ഉണ്ടാകുന്ന സംഭവങ്ങളാണ് പാഠ ഭാഗം.

'അകത്തു കടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും സ്വസ്ഥതയില്ലാത്തതുമായ സൗമ്യ ഭാവത്തോടു കൂടി, അനങ്ങാതെ, വിരൽത്തുമ്പു കൊണ്ടു പതുക്കെ അയാൾ വാതിലുന്തി.''

ചില സൂചകങ്ങൾ നോക്കൂ ..

മെത്രാൻ്റെ ഭവനത്തിൽ അഭയം ലഭിച്ച ഴാങ് വാൽഴാങ് രാത്രിയിൽ എന്താണ് ചെയ്യാൻ ശ്രമിക്കുന്നത്?
എന്തിനായിരിക്കും അയാൾ വാതിലുന്തിയത്?
പൂച്ചയുമായി ബന്ധപ്പെട്ട എന്തെല്ലാം സവിശേഷതകൾ ഇവിടെ സൂചിപ്പിക്കുന്നുണ്ട്?
കഥാപാത്രത്തിൻ്റെ പ്രവൃത്തിയുമായി ഇതിന് ബന്ധമുണ്ടോ?
ഇത്തര പ്രയോഗങ്ങൾ കഥാപാത്രത്തിൻ്റെ മനസ്സും സൂക്ഷ്മ ചലനങ്ങളും വെളിപ്പെടുത്തുന്നതിന് പര്യാപ്തമാണോ?
സൂചനകളുടെ അടിസ്ഥാനത്തിൽ കുറിപ്പ് തയ്യാറാക്കി നോക്കൂ.